# FUNDAMENTALS OF COMPUTER

**1.കമ്പ്യൂട്ടർ നിർവ്വചിക്കുക Define computer :** അസംസ്കൃത ഡാറ്റ ഇൻപുട്ടായി സ്വീകരിക്കുകയും നിർദ്ദേശങ്ങൾക്ക് അനുസരിച്ചു പ്രോസസ്സ് ചെയ്യുകയും ഫലം ഔട്ട്പുട്ടായി നിർമിക്കുവാൻ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ് കമ്പ്യൂട്ടർ.

**1.1. ഡാറ്റ :** പ്രോസസ്സ് ചെയ്യാവുന്ന അസംസ്കൃത വസ്തുക്കളും അക്കങ്ങളും.

**1.2. ഇൻഫർമേഷൻ:** പ്രോസസ്സ് ചെയ്ത ഡാറ്റയെ ഇൻഫർമേഷൻ എന്നറിയപ്പെടുന്നു.

*****1.3.ഡാറ്റയും ഇൻഫർമേഷനും തമ്മിലുള്ള വ്യത്യാസം** **Distinguish between data & information**

| ഡാറ്റ | ഇൻഫർമേഷൻ |
|---|---|
| അസംസ്കൃത വസ്തുതകളും അക്കങ്ങളും | പ്രോസസ്സ് ചെയ്ത ഡാറ്റ |
| നേരിട്ട് ഉപയോഗിക്കാൻ കഴിയില്ല | തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നു |
| കൃത്യവും വ്യക്തവുമായ ആശയം നൽകുന്നില്ല | വ്യക്തവും അർത്ഥപൂർണ്ണവുമാണ് |

**2. ഡാറ്റ പ്രോസസ്സിംഗ് :** ഡാറ്റയെ വിവരങ്ങളാക്കി ( ഇൻഫർമേഷൻ ) മാറ്റുന്ന പ്രക്രിയ.

*****2.1.ഡാറ്റ പ്രോസസ്സിംഗിൽ ഉപയോഗിക്കുന്ന ഘട്ടങ്ങൾ** **Data Processing Steps**

Step 1: ഡാറ്റയുടെ ശേഖരണം / Capturing data ( Collection of data )
Step 2: ഡാറ്റയുടെ ഇൻപുട്ട് / Input Data
Step 3: ഡാറ്റയുടെ സംഭരണം / Storage of Data
Step 4: ഡാറ്റയുടെ പ്രോസസ്സിംഗ് / Processing Data
Step 5: ഇൻഫർമേഷൻ ലഭ്യമാക്കുക / Output of Information
Step 6: ഇൻഫർമേഷൻ വിതരണം ചെയ്യുക / Distribution of information

*****3.ഒരു കമ്പ്യൂട്ടറിന്റെ 4 പ്രവർത്തന യൂണിറ്റുകൾ ( Functional units of a computer )**

**3.1 ഇൻപുട്ട് യൂണിറ്റ് ( Input Unit ) :**

➤ കമ്പ്യൂട്ടറിലേക്ക് ഡാറ്റയും നിർദ്ദേശങ്ങളും സ്വീകരിക്കുന്നു.
➤ഈ ഡാറ്റയും നിർദ്ദേശങ്ങളും കമ്പ്യൂട്ടറിന് മനസിലാകുന്ന ഭാഷയിലേക്ക് പരിവർത്തനം ചെയ്യുന്നു.
➤പരിവർത്തനം ചെയ്ത ഡാറ്റയും നിർദ്ദേശങ്ങളും പ്രോസസ്സിംഗിനായി കമ്പ്യൂട്ടറിലേക്ക് നൽകുന്നു.

**3.2 സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റ് ( CPU ) :**

➤കമ്പ്യൂട്ടറിന്റെ തലച്ചോറായ CPUയിലാണ് എല്ലാ പ്രധാന പ്രവർത്തനങ്ങളും നടക്കുന്നത്.
3 ഭാഗങ്ങളുണ്ട് : Arithmetic Logic Unit(ALU), Control Unit(CU) and Registers.
**ALU** : ഗണിതക്രിയകൾ, ലോജിക്കൽ ഓപ്പറേഷനുകൾ,തീരുമാനമെടുക്കൽ എന്നിവ ചെയ്യുന്നു.
**CU** : കമ്പ്യൂട്ടറിന്റെ വിവിധ യൂണിറ്റുകളെ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.
**Registers** : ഇത് CPU ന്റെ ഉള്ളിലുള്ള താത്കാലിക മെമ്മറി ആണ്.

**3.3 സ്റ്റോറേജ് യൂണിറ്റ് ( Storage unit ) :**

പ്രോസസ്സിംഗിന് ആവശ്യമായ എല്ലാ ഡാറ്റയും,നിർദ്ദേശങ്ങളും,റിസൾട്ട് എന്നിവ സംഭരിക്കുന്നു.
പ്രൈമറി മെമ്മറി & സെക്കണ്ടറി മെമ്മറി എന്നിങ്ങനെ 2 തരം ഉണ്ട്.

**3.4 ഔട്ട്പുട്ട് യൂണിറ്റ് ( Output unit ) :**

➤ പ്രോസസ്സ് ചെയ്തു ലഭിച്ച റിസൾട്ട് കമ്പ്യൂട്ടർ ഭാഷയിൽ സ്വീകരിക്കുന്നു.
➤പിന്നീട് മനുഷ്യർക്ക് വായിക്കാവുന്ന രൂപത്തിലേക്ക് പരിവർത്തനം ചെയ്യുന്നു.
➤റിസൾട്ട് ( ഇൻഫർമേഷൻ ) പുറം ലോകത്തിന് നൽകുന്നു.

TEACHBOOK.IN

*****4.കമ്പ്യൂട്ടറുകളുടെ സ്വഭാവ സവിശേഷതകൾ ( Characteristics of computers )**

**സവിശേഷതകൾ /ഗുണങ്ങൾ :** വേഗത,കൃത്യത,ശ്രദ്ധ,ഉയർന്ന മെമ്മറി,വൈവിധ്യം.

**ന്യൂനതകൾ :** മനുഷ്യനെപോലെ ചിന്താശേഷി,സ്വയം തീരുമാനം എടുക്കാനുള്ള ശേഷി, വികാരങ്ങൾ തുടങ്ങിയവയില്ല

**5. നമ്പർ സിസ്റ്റം ( Number System )**

സംഖ്യകളെ പ്രതിനിധീകരിക്കുന്നതിനോ പ്രകടിപ്പിക്കുന്നതിനോ ഉള്ള ഒരു മാർഗമാണ് നമ്പർ സിസ്റ്റം.

****5.1.കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട നമ്പർ സിസ്റ്റം ( Different Number Systems )**

| നമ്പർ സിസ്റ്റം | ബേസ് ( Base ) | ചിഹ്നം Symbols used | ഉദാഹരണം |
|---|---|---|---|
| **ബൈനറി ( Binary ) :** കമ്പ്യൂട്ടറിന്റെ ഭാഷ. | 2 | 0, 1 | $(1101)_2$ |
| **ഒക്ടൽ ( Octal ) :** UTF8 നമ്പറുകളെ പ്രതിനിധീകരിക്കുന്നു. | 8 | 0, 1, 2, 3, 4, 5, 6, 7 | $(236)_8$ |
| **ഡെസിമൽ ( Decimal ) :** മനുഷ്യർക്ക് എളുപ്പത്തിൽ വായിക്കാവുന്നതും കൈകാര്യം ചെയ്യുവാനും. | 10 | 0, 1, 2, 3, 4, 5, 6, 7, 8, 9 | $(5876)_{10}$ |
| **ഹെക്സ-ഡെസിമൽ ( Hexadecimal )** മൈക്രോപ്രൊസസർ പ്രോഗ്രാമിംഗിൽ ഉപയോഗിക്കുന്നു. | 16 | 0, 1, 2, 3, 4, 5, 6, 7, 8, 9, A , B , C , D , E , F ( A , B , C , D , E , F represents 10, 11, 12, 13, 14, 15 respectively ) | $(12\ AF)_{16}$ |

***ഒരു നമ്പർ സിസ്റ്റത്തിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങളുടെ എണ്ണത്തെ ബേസ് / റാഡിക്സ് എന്ന് വിളിക്കുന്നു

**Bit stands for : Binary digit** | MSD - Most Significant Digit | LSD - Least Significant Digit

?? **5876-**ൽ MSD, LSD എന്നിവ എഴുതുക? ഉത്തരം : MSD-5 & LSD-6

**6.കമ്പ്യൂട്ടർ മെമ്മറിയിൽ നമ്പർ പ്രതിനിധാനം ചെയ്യുന്നത് ( Representation of Numbers in Memory )**

i)Sign and magnitude representation / സൈൻ & മാഗ്നിറ്റ്യൂഡ്

ii) 1's complement representation / 1's കോംപ്ലിമെൻറ്

iii)2's complement representation. / 2's കോംപ്ലിമെൻറ്

*****7.കമ്പ്യൂട്ടർ മെമ്മറിയിൽ അക്ഷരങ്ങൾ പ്രതിനിധാനം ചെയ്യുന്നത് (Representation of Characters in Memory )**

| | | |
|---|---|---|
| **7.1. ASCII** ( അമേരിക്കൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർചേഞ്ച് ) | 7 bit - 128 അക്ഷരങ്ങൾ& 8 bit - 256 അക്ഷരങ്ങൾ | ഓരോ അക്ഷരത്തിനും ഓരോ പൂർണ സംഖ്യ നൽകുന്നു. |
| **7.2. ISCII** ( ഇന്ത്യൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർചേഞ്ച് ) | 8 bit - 256 അക്ഷരങ്ങൾ | ഇന്ത്യൻ ഭാഷകളിലെ അക്ഷരങ്ങളെ പ്രതിനിധാനം ചെയ്യുന്നു. |
| **7.3. EBCDIC** ( എക്സ്റ്റൻഡഡ് ബൈനറി കോഡെഡ് ഡെസിമൽ ഇന്റർചേഞ്ച് കോഡ്) | 8 bit - 256 അക്ഷരങ്ങൾ | |
| **7.4. Unicode** ( യൂണികോഡ് ) **Universal character representation standard | 16 bit - 65536 അക്ഷരങ്ങൾ | ലോകത്തുള്ള എല്ലാ മനുഷ്യ ഭാഷകളെയും പ്രതിനിധീകരിക്കുന്നു ( എൻകോഡ് ചെയ്യുന്നു ) |